പി.കെ.കേശവൻ ഐ.എഫ്.എസ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ്
ഫോഴ്സ്, കേരള

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
'വനലക്ഷ്മി'
തിരുവനന്തപുരം - 14
☎: 0471 – 2339593
Fax: 04712338808
email:pccf.for@kerala.gov.in

# സർക്കുലർ നമ്പർ. 09/2021 തീയതി: 06.09.2021

വിഷയം: സെപ്തംബർ 11 "വനം രക്തസാക്ഷി ദിനം" ആചരണം - സംബന്ധിച്ച്.

സൂചന: കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 07.05.2013-ലെ നോട്ടിഫിക്കേഷൻ.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 07.05.2013-ലെ വിജ്ഞാപന പ്രകാരം സെപ്തംബർ 11 "വനം രക്തസാക്ഷി ദിനം" ആയി ആചരിച്ചു വരുന്നു. വന സംരക്ഷണത്തിന്റെയും വന പരിപാലനത്തിന്റെയും ഭാഗമായി സേവനം അനുഷ്ഠിച്ചു വരവേ ജീവത്യാഗം ചെയ്ത സംരക്ഷണ വിഭാഗം ജീവനക്കാരെ എല്ലാ വർഷവും സെപ്തംബർ 11-ന് അനുസ്മരിക്കുന്നു. വനം വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഈ ദിവസം രക്തസാക്ഷി ദിനാചരണം നടത്തേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പ് ആസ്ഥാന ആഫീസ് മുതൽ ഫോറസ്റ്റ് സ്റ്റേഷൻ വരെയുള്ള വനം വകുപ്പിന്റെ എല്ലാ ആഫീസുകളിലും സെപ്തംബർ 11-ാം തീയതി വനം രക്തസാക്ഷി ദിനമായി ആചരിക്കണം.

2. എല്ലാ സർക്കിൾ ഓഫീസുകളിലും ഡിവിഷൻ ഓഫീസുകളിലും ഈ ദിവസം 10.00 മണിയ്ക്ക് ജീവനക്കാർ രക്തസാക്ഷികളെ സ്മരിച്ച് പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

3. എല്ലാ റെയ്ഞ്ച് ഓഫീസുകളിലും, ഫോറസ്റ്റ് സ്റ്റേഷനുകളിലും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ / ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ സംരക്ഷണ വിഭാഗം ജീവനക്കാർ യൂണിഫോം ധരിച്ച് രക്തസാക്ഷികളായവരെ സ്മരിച്ച് സല്യൂട്ട് നൽകി പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

4. ഇതിന് ആവശ്യമായ ക്രമീകരണം എല്ലാ സർക്കിൾ / ഡിവിഷൻ തല ആഫീസർമാരും നടത്തേണ്ടതും തങ്ങളുടെ അധികാര പരിധിയിലെ ഫോറസ്റ്റ് സ്റ്റേഷൻ വരെയുള്ള എല്ലാ ആഫീസുകളിലും അന്നേദിവസം അനുസ്മരണം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

തുടർന്ന് വരുന്ന എല്ലാ വർഷവും മേൽ നിർദ്ദേശങ്ങൾ പാലിച്ച് സെപ്തംബർ 11 വനം രക്തസാക്ഷി ദിനമായി ആചരിക്കേണ്ടതാണ്.

ഈ വർഷം സെപ്റ്റംബർ 11-ന് വനം വകുപ്പ് ആസ്ഥാനത്ത് രക്തസാക്ഷി മണ്ഡപത്തിൽ ബഹു: വനം വകുപ്പ് മന്ത്രി ശ്രീ.എ.കെ.ശശീന്ദ്രൻ രക്തസാക്ഷികളെ സ്മരിച്ച് പുഷ്പചക്രം സമർപ്പിക്കുന്നതും, തുടർന്ന് ജീവനക്കാർ പ്രതിജ്ഞ ചൊല്ലുന്നതും, 10.15-ന് ഓൺലൈനിൽ ചേരുന്ന യോഗത്തിൽ ബഹു: വനം വകുപ്പ് മന്ത്രി അനുസ്മരണ പ്രഭാഷണം നടത്തുന്നതുമാണ്. അതിനാൽ വനം വകുപ്പിന്റെ എല്ലാ ഓഫീസുകളിലും അന്നേദിവസം കൃത്യം 10 മണിയ്ക്ക് തന്നെ മേൽപ്പറഞ്ഞ രീതിയിൽ ജീവനക്കാർ അനുസ്മരണം നടത്തി പ്രതിജ്ഞ ചൊല്ലിയശേഷം 10.15-ന് തന്നെ ഇതുമായി ബന്ധപ്പെട്ട ലിങ്ക് മുഖേന ഓൺലൈൻ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

കോവിഡ് പ്രോട്ടോകോൾ കർശനമായി പാലിച്ചുകൊണ്ട് വേണം ഇത്തരത്തിൽ രക്തസാക്ഷി ദിനാചരണ ചടങ്ങുകൾ സംഘടിപ്പിക്കേണ്ടത്.

07/09/21

പി.കെ.കേശവൻ
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.

പകർപ്പ്:
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം / ഹൈറേഞ്ച് സർക്കിൾ, കോട്ടയം / ഈസ്റ്റേൺ സർക്കിൾ, പാലക്കാട് / സെൻട്രൽ സർക്കിൾ, തൃശ്ശൂർ / നോർത്തേൺ സർക്കിൾ, കണ്ണൂർ.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ഫീൽഡ് ഡയറക്ടർ, പാലക്കാട് / കോട്ടയം.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വർക്കിംഗ് പ്ലാൻ), തിരുവനന്തപുരം.
ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) കോട്ടയം / കോഴിക്കോട്.
ഫോറസ്റ്റ് കൺസർവേറ്റർ, (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്), തിരുവനന്തപുരം /( എച്ച്.ആർ.ഡി), തിരുവനന്തപുരം.
ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം / എറണാകുളം/ കോഴിക്കോട്.
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി)-യ്ക്ക് വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകുന്നു.
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ്‌ലൈഫ് വാർഡൻ / ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ഈസ്റ്റ് / വെസ്റ്റ്) / ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും തുടർ നടപടികൾക്കായി നൽകുന്നു.